# Pray Like Daniel

## (ദാനിയേലിന്റെ പ്രാർത്ഥന)(ദാനി:6:10)

**Week -3**



കർത്താവുമായുള്ള നിരന്തര സംസർഗ്ഗം ആത്മീയാരോഗ്യത്തിന് അത്യന്താപേക്ഷിതമാണ്, പട്ടാള ജനറൽ ആയിരുന്നപ്പോൾ കണ്ണുനീരോടും ജാഗ്രതയോടും മുട്ടുകുത്തി പ്രാർത്ഥിക്കുവാൻ സമയം കണ്ടെത്തുന്ന ആളായിരുന്നു ജോർജ്ജ് വാഷിംങ്ടൺ. പിന്നീട് അമേരിക്കൻ പ്രസിഡന്റ് ആയപ്പോഴും തന്റെ മുറിയിൽ കയറി കതകടച്ച് മുട്ടിൻമേൽ വീണ് പ്രാർത്ഥിക്കുന്ന പതിവ് അദ്ദേഹം തെറ്റിച്ചില്ല.ഒരിക്കൽ ഒരു ബന്ധു മുറിയടച്ച് അദ്ദേഹം എന്താണ് ചെയ്യുന്നത് എന്ന് പരിശോധിക്കുവാൻ തീരുമാനിച്ചു. പരിശോധനയിൽ ഒരു തുറന്ന വേദപുസ്തകത്തിനു മുൻപിൽ മുട്ടുകുത്തി കൂപ്പുകൈകളോടെ നില്ക്കുന്ന മഹാനായ അമേരിക്കൻ പ്രസിഡന്റിനെ കണ്ട് അത്ഭുതപ്പെട്ടുപോയി. മഹാനായ സി.സി. ബ്രൗണിന്റെ അഭിപ്രായത്തിൽ വെള്ളം എപ്രകാരം ഒരു വൃക്ഷത്തിന് ആവശ്യമോ അതുപോലെ ആത്മീയ ജീവിതത്തിന്റെ വളർച്ചയ്ക്കും , പ്രതികൂലത്തിൽ ധൈര്യത്തിനും പ്രാർത്ഥന അത്യാന്താപേക്ഷിതമാണ്.

പ്രതികൂലത്തിന്റെ നടുവിൽ വിശ്വാസത്തോടെ പ്രാർത്ഥിച്ച വ്യക്തിയാണ് ദാനിയേൽ . പ്രാർത്ഥനാശീലമുള്ളവർ എല്ലാവരേക്കാളും വിശിഷ്ടനായി വിളങ്ങുന്നതോടെ ശത്രുക്കൾ അവനെ കുടുക്കുവാൻ ശ്രമം തുടങ്ങുന്നു. ഒന്നിലും കുറ്റം കാണുവാൻ കഴിയാത്തവർ ജീവനുള്ള ദൈവത്തോട് പ്രാർത്ഥിക്കുന്നു എന്നതാണ് കുറ്റമായി കണ്ടത്.. ദാനിയേലിനെ കുടുക്കണമെന്ന ആഗ്രഹത്തോടെ മുപ്പത് ദിവസത്തേക്ക് ഒരു

നിയമം ഉണ്ടാക്കുകയും , അനുസരിക്കാത്തവർക്കുള്ള ശിക്ഷ നിശ്ചയിക്കുകയും ചെയ്തു.

എന്താണ് ദാനിയേൽ ചെയ്തത് എന്ന് ശ്രദ്ധിക്കുക.തന്നെ ഉപദ്രവിക്കുവാൻ ആലോചിക്കുന്നവരോ, അവരുണ്ടാക്കുന്ന നിയമങ്ങളോ അവന് വിഷയമല്ലായിരുന്നു എന്ന് കാണാം. അവൻ എല്ലാകാര്യത്തിലും വിശ്വസ്തനായിരിപ്പാൻ ശ്രദ്ധിച്ചതുപോലെ ദിവസം മൂന്നുപ്രാവശ്യം മുട്ടുകുത്തി തന്റെ ദൈവത്തിന്റെ സന്നിധിയിൽ പ്രാർത്ഥിച്ച് സ്തോത്രം ചെയ്യുന്ന ശീലത്തിലും വിശ്വസ്തത പുലർത്തി.



(സഹോദരങ്ങളേ! ഇവിടയല്ലേ നിങ്ങൾക്ക് പിഴച്ചത്. ദൈവത്തോട് അവിശ്വസ്തത കാണിക്കുകയും , ലോകമേലധികാരികളെ പ്രീണിപ്പിക്കുകയും ചെയ്താൽ നിങ്ങളുടെ പ്രയത്നം വ്യർത്ഥമായിപ്പോകുന്നു. ദൈവസന്നിധിയിൽ ഇരുന്നതിനുശേഷം നിങ്ങളുടെ ജോലിയിൽ പ്രവേശിച്ചാൽ , വേഗത്തിലും , ഭംഗിയായും പൂർത്തീകരിപ്പാൻ കഴിയും,)

ദൈവത്തിൽ വിശ്വസിച്ചിരുന്നതുകൊണ്ട്, പ്രതിമയെ നമസ്ക്കരിച്ചില്ല എന്ന കുറ്റത്തിന് സിംഹക്കുഴിയിലിട്ടിട്ടും അവന് യാതൊരു കേടും പറ്റിയതായി കണ്ടില്ല. സിംഹത്തിന്റെ വായടച്ച ദൈവം അനേകരെ നേടുവാനുള്ള ഒരു രാജകീയ വിളംബരം പുറപ്പെടുവിക്കാൻ ഇത് അവസരമാക്കി. ദാനി:(6:22-28)

പ്രാർത്ഥിക്കുന്നവനോടൊപ്പം ദൈവം ഉണ്ട്. എല്ലാ പരിഹാസികളുടെ മുമ്പിലും ദൈവം മാനിയ്ക്കും എന്ന് വിശ്വസിക്കുക. കർത്തൃദിവസം ആരാധന മുടക്കരുത്; കുടുംബപ്രാർത്ഥന വിഘ്നം കൂടാതെ നടന്നാൽ ഒരു വഴിയായി വരുന്ന ശത്രു ഏഴുവഴിയായി മടങ്ങിപ്പോകും. അതുകൊണ്ട് ദാനിയേലിനെപ്പോലെ പ്രാർത്ഥനാശീലമുള്ളവരാകുവാൻ തീരുമാനിക്കുക. ദൈവം അനുഗ്രഹിക്കട്ടെ.

## പ്രാർത്ഥന

ഞങ്ങളുടെ പ്രാർത്ഥന സ്വീകരിക്കുന്ന ദൈവമേ ! അഹങ്കാരികളും, അവിശ്വാസികളും ഞങ്ങളുടെ പ്രാർത്ഥനാ ജീവിതത്തെ എതിർത്താലും ഭയപ്പെടാതെ ദാനിയേലിനെപ്പോലെ പ്രാർത്ഥിപ്പാൻ കൃപചെയ്യേണമേ, യേശുവിൻ നാമത്തിൽ തന്നെ ആമേൻ.

Santhamma Varghese